# Desabhimani
# 31 July 2018
# Alappuzha, Central Team, Monsoon Fury



## 10 ദിവസം കഴിഞ്ഞു; കേന്ദ്രസംഘം എത്തിയില്ല

ആലപ്പുഴ

കാലവർഷം വിതച്ച നാശനഷ്ടം വിലയിരുത്താൻ ഉദ്യോഗസ്ഥ സംഘത്തെ അയക്കുമെന്ന് ജനങ്ങൾക്കും പാർലമെന്റിനും കേന്ദ്ര ആഭ്യന്തര സഹമന്ത്രി കിരൺ റിജിജു നൽകിയ വാഗ്ദാനം പാഴായി. ജൂലൈ 21ന് എറണാകുളം, ആലപ്പുഴ, കോട്ടയം ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച കേന്ദ്ര മന്ത്രി, പത്തുദിവസത്തിനകം ഉദ്യോഗസ്ഥ സംഘത്തെ അയക്കുമെന്ന് ഉറപ്പുനൽകിയതാണ്. എന്നാൽ പത്തു ദിവസമായിട്ടും സംഘം എത്തിയിട്ടില്ല. ഇതുസംബന്ധിച്ച് ഇതുവരെ അറിയിപ്പൊന്നും ലഭിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

നാശനഷ്ടത്തിന്റെ കൃത്യമായ കണക്കെടുപ്പിനും വിശദമായ വിലയിരുത്തലിനുമായി ആഭ്യന്തര ജോയിന്റ് സെക്രട്ടറിക്കു കീഴിൽ ഗതാഗത, നിതി ആയോഗ്, ഗ്രാമവികസന, ആരോഗ്യ, കാർഷിക മന്ത്രാലയങ്ങളിലെ ഉന്നതതല സംഘത്തിനു രൂപം നൽകിയെന്നും ഇവർ പത്തുദിവസത്തിനകം കേരളത്തിലെത്തുമെന്നുമായിരുന്നു മന്ത്രിയുടെ വാഗ്ദാനം. ആലപ്പുഴയിൽ മാത്രം ആറുലക്ഷത്തോളം പേരെ ബാധിച്ച പ്രളയദുരിതം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് പി കരുണാകരൻ എംപി 25ന് ലോക്സഭയിൽ ആവശ്യപ്പെട്ടിരുന്നു. ഈ ആവശ്യം തള്ളിയ കേന്ദ്രമന്ത്രി, ജോയിന്റ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം ഈയാഴ്ച തന്നെ കേരളം സന്ദർശിക്കുമെന്ന് സഭയിലും പറഞ്ഞിരുന്നു. കാർഷികമേഖലയ്ക്കുണ്ടായ നാശനഷ്ടത്തിന് മതിയായ നഷ്ടപരിഹാരം നൽകണമെന്ന കേരളത്തിന്റെ ആവശ്യത്തിന് കേന്ദ്ര കൃഷിമന്ത്രി രാധാമോഹൻസിങ്ങും ലോക്സഭയിൽ കൃത്യമായ മറുപടി നൽകിയില്ല.

ഓഖി ദുരന്തത്തിനുശേഷം സംസ്ഥാനം നേരിട്ട ഏറ്റവും വലിയ കെടുതിയാണ് കാലവർഷം സമ്മാനിച്ചത്. കോടിക്കണക്കിന് രൂപയുടെ കൃഷി നശിച്ചു. വീടുകളും ജീവനോപാധികളും നഷ്ടമായ ആയിരക്കണക്കിനുപേരുണ്ട്. 965 ഗ്രാമങ്ങളിൽ നാശനഷ്ടങ്ങളുണ്ടായി. 60,000 ഹെക്ടറോളം കൃഷിഭൂമി വെള്ളത്തിലായി. 125 പേർക്ക് ജീവൻ നഷ്ടമായതായി കേന്ദ്ര ദുരന്തനിവാരണ അതോറിറ്റി പുറത്തുവിട്ട റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. ഇതെല്ലാം പരിഗണിച്ച് 831.1 കോടിരൂപയുടെ കേന്ദ്രസഹായമാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്.